കിട്ടിയിട്ടില്ല—സൗജന്യമായി ഒരാഴ്ചയെങ്കിലും റേഷൻ വിതരണം ചെയ്യാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങ് പറഞ്ഞത് ക്യാബിനറ്റിൽ തീരുമാനമെടുക്കേണ്ട കാര്യമാണ്. ഇന്ന് തോട്ടം മേഖലയിലും മറ്റും സൗജന്യ റേഷൻ നൽകുന്നുണ്ട്. ആദിവാസികൾക്കും സൗജന്യറേഷൻ നൽകുന്നുണ്ട്. മൊത്തത്തിൽ നൽകണമോയെന്ന കാര്യം ക്യാബിനറ്റ് കൂടി തീരുമാനിക്കേണ്ടതാണ്.

ഡോ. തോമസ് ഐസക്: സർ, കേന്ദ്രസർക്കാർ വരുത്തിയിരിക്കുന്ന മാറ്റങ്ങളുടെ ഫലമായിട്ട് കേരളത്തിലെ പൊതുവിതരണ ശൃംഖലയിൽനിന്ന് വിൽക്കപ്പെടുന്ന അരിയുടെയും ഗോതമ്പിന്റെയുമെല്ലാം തോത് ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. അത് എ.പി.എൽ.-ന് സബ്സിഡി കുറഞ്ഞതിന്റെ ഫലമായി വാങ്ങാത്തതാണെന്ന് പറയുന്നുണ്ട്. എന്നാൽ ബി.പി.എൽ. കാർഡുടമകൾ തന്നെ അവർക്ക് അർഹതപ്പെട്ട അരിയും ഗോതമ്പും വാങ്ങിക്കാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് അനുവദിക്കുന്ന അരിയുടെയും ഗോതമ്പിന്റെയും എത്ര ശതമാനമാണ് ഇന്ന് വിൽക്കപ്പെടുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നമ്മൾ കൊടുക്കുമ്പോൾ ഓരോ കുടുംബവും എത്രമാത്രം അരി വാങ്ങി എന്നുള്ള പരിശോധന കൃത്യമായി നടത്തേണ്ട കാര്യമില്ല. പക്ഷേ, ലഭ്യമായിക്കൊണ്ടിരിക്കുന്ന കണക്കുകൾ അനുസരിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എല്ലാ ആളുകളും അനുവദിക്കപ്പെട്ട ഭക്ഷ്യധാന്യങ്ങൾ വാങ്ങിക്കുന്നുണ്ട്. പക്ഷേ, എ.പി.എൽ.-ന്റെ കാര്യം പറഞ്ഞത് പ്രധാനപ്പെട്ടതാണ്. എ.പി.എൽ.-ൽപ്പെട്ട ഏതാണ്ട് ഒന്നോ രണ്ടോ ശതമാനം മാത്രമേ off take ഇപ്പോൾ കേരളത്തിലുള്ളൂ എന്നുകൂടി അങ്ങയെ അറിയിക്കുകയാണ്.

ഹെർബൽ ബയോവാലി

*2 [393] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
„ *വി. ജെ. പൗലോസ്:*
„ *ജി. കാർത്തികേയൻ:*
„ *എം. മുരളി:*
„ *ജോർജ് ജെ. മാത്യു:* താഴെ കാ ാദ്യങ്ങൾക്ക്
കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് ഹെർബൽ ബയോവാലി സ്ഥ നടപടി
ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ബയോവാലി സ്ഥാപിക്കുന്നതെവിടെയാണ്;

(സി) ബയോവാലി സ്ഥാപിക്കുന്നതു സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടുണ്ടാക്കുന്നതിന് ആരെയാണ് നിയോഗിച്ചിട്ടുള്ളത്;

(ഡി) എങ്കിൽ റിപ്പോർട്ട് ലഭിച്ചുവോ എന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*: സർ,

(എ) ഔഷധസസ്യങ്ങൾക്കായുള്ള കാർഷിക കയറ്റുമതി മേഖലയും ഹെർബൽ ബയോവാലിയും സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് 30-3-2005-ൽ സർക്കാർ ഉത്തരവ് (സാധാ) 498/05/കൃഷി പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിപ്രകാരം ഔഷധസസ്യ സംരക്ഷണത്തെക്കുറിച്ചും കൃഷിയെക്കുറിച്ചുമുള്ള പരിശീലനങ്ങൾ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ബി) പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലാണ് ബയോവാലി സ്ഥാപിക്കുന്നത്.

(സി) കൃഷി ഡയറക്ടറേറ്റിലെ കാർഷിക കയറ്റുമതി മേഖലാ സെൽ.

(ഡി) കാർഷിക കയറ്റുമതി മേഖലാ സെൽ തയ്യാറാക്കിയ പ്രോജക്ട് ഹെർബൽ ബയോവാലിയും എ.ഇ. ഇസഡും സംയോജിപ്പിച്ചുകൊണ്ടുള്ളതാണ്. പ്രസ്തുത പ്രോജക്ടിന് 30-3-2005-ൽ സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ആയുർവ്വേദത്തെ Indian System of Medicine എന്നാണ് പൊതുവെ പറയുന്നത്. നമ്മുടെ രാജ്യത്തിന്റെ സ്വന്തമായിട്ടുള്ള ഒരു ചികിൽസാരീതിയാണിത്. പക്ഷേ, ഇന്ന് ആയുർവ്വേദത്തിൽ പറയുന്ന പല മരുന്നുകളും അന്യംനിന്നുപോയിരിക്കുന്നു. അന്വേഷിച്ചാൽ കിട്ടാൻപോലും പറ്റാത്ത സാഹചര്യമാണ്. ഈ സാഹചര്യത്തിൽ ആയുർവ്വേദ സസ്യകൃഷിയെ, പ്രോൽസാഹിപ്പിക്കാൻ സർക്കാർ പ്രത്യേക നടപടി സ്വീകരിക്കുകയും കൃഷിക്ക് കൊടുക്കുന്നതുപോലുള്ള സബ്സിഡിയും മറ്റു ധനസഹായങ്ങളും കൊടുത്ത് ഇവയെ പരിപോഷിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഉത്തരം (ബി)-യിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട് എന്നിവയാണ്. ഇതിൽ വയനാടും പാലക്കാടും മലപ്പുറവും നടപ്പിലാക്കി. ബയോവാലിയും അഗ്രി എക്സ്പോർട്ട് സോണും സംയോജിപ്പിച്ച് ഈ മേഖലകളിൽ മെഡിസിനൽ പ്ളാന്റ് സിന്റെ കൃഷിയും അതിനാവശ്യമായിട്ടുള്ള സംവിധാനങ്ങളും കയറ്റുമതി ഉൾപ്പെടെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള സബ്സിഡിയും നടപടിയുടെ ഭാഗമായിട്ടാണ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, നമ്മുടെ നാട്ടിൽ പ്ലാന്റേഷനുവേണ്ടി സർക്കാർ വനഭൂമിയും മറ്റുഭൂമികളും ധാരാളം ലീസിന് കൊടുക്കുന്നുണ്ട്. ഇത് സർക്കാരിന്റെ പരിപാടിയായി മാറ്റാതെ മറ്റുകാർഷികരംഗത്തേക്കുള്ള പ്രവർത്തനംപോലെതന്നെ ആവശ്യങ്ങൾക്കുവേണ്ടി രൂപീകരിക്കുന്ന സഹകരണ സംഘങ്ങളും മറ്റു വ്യക്തികളും ആവശ്യപ്പെടുന്ന മുറയ്ക്ക്, വനഭൂമിയും മറ്റു സർക്കാർ ഭൂമിയും വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി നീണ്ടനാൾ ലീസിന് കൊടുക്കുന്നതുപോലെ ലീസിന് കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, വനത്തിലും വനത്തിനു പുറത്തും ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കാൻ 1 മുതൽ 2 ഹെക്ടർ വരെ വിസ്തൃതിയിലുള്ള 150 ചെറിയ ഫാമുകൾ, 2–10 ഹെക്ടർ വിസ്തൃതിയിലുള്ള 90 മീഡിയം ഫാമുകൾ, 10–20 ഹെക്ടർ വിസ്തൃതിയിലുള്ള 45 വലിയ ഫാമുകൾ എന്നിവ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഫോറസ്റ്റ് ഭൂമിയിലും കൃഷി ചെയ്യുന്നതിന് അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റും മറ്റും എടുക്കുന്ന നടപടികളുമുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും നടപടികൾ എടുത്തുവരുന്നു. അതുപോലെ പ്രൈവറ്റ് വ്യക്തികളുടെ കൈവശമുള്ള സ്ഥലങ്ങളിലും ഈ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി 26.24 കോടി രൂപ, ധനസഹായം ചെയ്യുന്നതിനുള്ള പദ്ധതി കൂട്ടായി സംസ്ഥാന ഗവൺമെന്റും APEDA-യുമായി എഗ്രിമെന്റ് പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള സ്ക്കീമാണ്, ആ സ്ക്കീം നടപ്പിലാക്കുമ്പോൾ മിക്കവാറും കൃഷിസ്ഥലമുള്ളവർക്കും നമ്മുടെ അഗ്രിക്കൾച്ചർ ഫാമുകളിൽ സർക്കാരിന് ഇപ്പോൾ ആദിവാസി കോർപ്പറേഷൻ വനത്തിൽ വച്ച് മരുന്നുകൃഷി ചെയ്യുന്നുണ്ട്. ഔഷധിക്ക് കൊടുക്കുന്ന പച്ചമരുന്നിൽ ഏതാണ്ട് 60% മരുന്നുകൾ ഈ കോർപ്പറേഷനാണ് സപ്ലൈ ചെയ്യുന്നത്.

ശ്രീ. എം. മുരളി: സർ, ഇന്ന് ഈ ചോദ്യം നിയമസഭയിൽ വന്നതിന് പ്രത്യേക പ്രസക്തിയുണ്ട്. കഴിഞ്ഞ ദിവസം നമ്മുടെ ആദരണീയനായ രാഷ്ട്രപതി നിയമസഭയുടെ മുമ്പിൽ സമർപ്പിച്ച ten mission-ൽ നാലാമത്തെ mission ആണ് ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്നത്. ഹെർബൽ പ്രൊമോഷനുവേണ്ടി കേരളം പ്രത്യേകം ഊന്നൽ നൽകണമെന്നും അതിലൂടെ ഇന്ന് ഇന്ത്യയ്ക്ക് 300 മില്യൻ ഡോളറാണ് വരുമാനമുണ്ടാക്കാൻ കഴിയുന്നതെങ്കിൽ കേരളത്തിന് 2 ബില്ല്യൻ ഡോളറാക്കി മൂന്നു വർഷം കൊണ്ട് വർദ്ധിപ്പിക്കാനാകും എന്ന നിർദ്ദേശം അദ്ദേഹം പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഗവണ്മെന്റിന്റെ മുമ്പിലുള്ള പഠനറിപ്പോർട്ടിന്റെ വിശദാംശങ്ങൾ ജനങ്ങളെ അറിയിക്കാനും വെളിപ്പെടുത്താനും വിശദമായി ചർച്ച ചെയ്യാനും അങ്ങനെ ഒരു പുതിയ ഹെർബൽ പോളിസി കേരളത്തിൽ ആവിഷ്ക്കരിച്ചുകൊണ്ട്, ടൂറിസംപോലെ കേരളത്തിന് വലിയ വികസന സാധ്യതകളുള്ള, രാഷ്ട്രപതി പറഞ്ഞതുപോലെ, ലോകത്തെ കീഴടക്കാൻ കഴിഞ്ഞ ഈ മേഖലയെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ചിന്തിക്കാൻ മുന്നോട്ടു വരുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇത് ഗൗരവതരമായി ആലോചിച്ചതിനുശേഷമാണ് ഇതിനാവശ്യമായ ഒരു പ്രോജക്ട് ഗവൺമെന്റ് 'APEDA' യുമായി കയറ്റുമതിക്ക് ഒപ്പുവച്ചത്. ഇതുപോലെ സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ Medicinal Biovalley നടത്തേണ്ട ജില്ലകളെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള ജില്ലകളിലും 'APEDA' യുമായി കൂട്ടു ചേർന്ന് പച്ചമരുന്നുകൾ കയറ്റി അയയ്ക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ പച്ച മരുന്നുകൃഷി, ഞാൻ മുമ്പ് പറഞ്ഞ വിസ്തൃതിയിൽ നടത്തുവാൻ നടപടികളെടുത്തു വരുന്നു. ഇപ്പോൾ തന്നെ ഉള്ളൂർ കൃഷിഫാമിൽ ഡെമോൺസ്ട്രേഷൻ പ്ലോട്ടും ഗാർഡനും നടപ്പിലാക്കിത്തുടങ്ങി. അതുപോലെതന്നെ ഇതിന്റെ ഡേറ്റ കളക്ടുചെയ്യുന്നതിനു വേണ്ടിയുള്ള data bank തുടങ്ങുവാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതിനാവശ്യമായ നടപടികളെടുക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഗ്രൂപ്പുകളായി കൃഷി ക്കാരെ ഉൾപ്പെടുത്തി സംഘങ്ങൾ രൂപീകരിച്ച് അവർക്കാവശ്യമായ ക്ലാസ്സുകൾ കൊടുക്കാൻ ഒരുലക്ഷം ലഘുലേഖകൾ അച്ചടിക്കണമെന്നാണ് വിചാരിക്കുന്നത്. കൂടുതൽ ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് സെമിനാർ നടത്താനും കൃഷിക്കാർക്കാവശ്യമായ ക്ലാസ്സുകൾ കൊടുക്കാനുമൊക്കെ ഗവൺമെന്റ് തയ്യാറാണ്. നടപടികളെടുക്കാൻ തീരുമാനമായിട്ടുണ്ട്. ഏതുവിധത്തിൽ, ഏതുഭാഗത്തുനിന്നും വരുന്ന ഉപദേശവും കേൾക്കാനും അത് ചർച്ച ചെയ്യാനും പുതുതായി നടപടികളെടു ക്കണമെങ്കിൽ അതിനും ഗവൺമെന്റ് തയ്യാറാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly